




ഗാന്ധിപീസ് ഫൗണ്ടേഷൻ തൃശൂർ കേന്ദ്രം സെക്രട്ടറിയും പൂർണ്ണോദയ ബുക്ട്രസ്റ്റ് സെക്രട്ടറിയുമായ
**കെ. പരമേശ്വര ശർമ്മ**

# കള്ളനാണയങ്ങളുടെ ബാഹുല്യം

**മഹത്തായ** പാരമ്പര്യവും സുദീർഘമായ പ്രവർത്തന ചരിത്രവുമുള്ള കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ ഇന്നത്തെ അവസ്ഥ തികച്ചും പരിതാപകരമാണ്. കേരള ഗാന്ധി കെ. കേളപ്പൻ മുതൽ പ്രൊഫസർ എം.പി. മന്മഥൻ വരെയുള്ള മഹാരഥന്മാർ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ പ്രോജ്ജ്വലമായ കാലഘട്ടം തിരിച്ചുപിടിക്കാൻ കഴിയാത്തവിധം കൈവിട്ടുപോയിരിക്കുന്നു.

ചിന്തയും വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരമില്ലായ്മയായിരുന്നുവല്ലൊ ഗാന്ധിജിയുടെ മഹത്വത്തിനും ജനസമ്മതിക്കും രാഷ്ട്രീയവിജയങ്ങൾക്കും അടിസ്ഥാനം. ഗാന്ധിയൻപ്രസ്ഥാനങ്ങളുടെ ചുമതലക്കാരായി രംഗം കീഴടക്കിയ-ചിന്തയും വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത പഴയതും പുതിയതുമായ ചില നേതാക്കളാണ് പ്രസ്ഥാനത്തെ ഇന്നത്തെ ദുരവസ്ഥയിലെത്തിച്ചത് എന്നതിന് യാതൊരു സംശയവുമില്ല. കേളപ്പജി മുതൽ മന്മഥൻജി വരെയുള്ള നേതാക്കൾക്ക് ലഭിച്ച സ്വീകാര്യതയും ജനപിന്തുണയും ഇക്കൂട്ടർക്ക് ലഭിക്കാതെ പോയതിന്റെ കാരണവും മറ്റൊന്നല്ല. അധികാരികളെയും സഹപ്രവർത്തകരെയും നിർഭയമായി സമീപിക്കാനുള്ള ധാർമികശക്തി സ്വന്തം കാപട്യം മറച്ചുപിടിക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ കൈമോശം വന്നവരാണ് ഈ നേതാക്കളിലധികവും. അക്കാദമിക് പണ്ഡിതന്മാരും സർക്കാർ ഗ്രാന്റോ വിദേശ സഹായമോ കൈപ്പറ്റുന്നവരുമാണ് പ്രസ്ഥാനത്തിന്റെ തകർച്ചയ്ക്ക് ഉത്തരവാദികളായ മറ്റൊരു വിഭാഗം.

ഈ രണ്ടു കൂട്ടർക്കും ജനങ്ങളോടുള്ള ബന്ധമോ ഉത്തരവാദിത്വമോ പ്രവർത്തനപഥത്തിൽ അനിവാര്യമല്ല. കേരളത്തിലെമ്പാടും വ്യാപിച്ചുകിടക്കുന്ന പഴയകാലത്തിന്റെ സൃഷ്ടികളായ ഗാന്ധിയൻ സ്ഥാപനങ്ങളെ ബഹുജനങ്ങളുടെ സഹകരണത്തോടെ സജീവമായി നിലനിർത്തുക എന്നത് വലിയ വെല്ലുവിളിയായതുകൊണ്ട് സ്വത്തുക്കൾ വിറ്റഴിക്കുകയോ അത് അസാധ്യമെങ്കിൽ അനാഥമാക്കിയിടുകയോ മാത്രമാണ് ഇവർ കണ്ടെത്തുന്ന പോംവഴി. സ്ഥാപനങ്ങൾ സ്വന്തം താത്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനല്ലാതെ ഗാന്ധിമാർഗത്തിന് ശക്തിപകരാൻ കഴിയുംവിധം പുതിയ പരീക്ഷണങ്ങൾക്കു മുതിരുന്ന സർവോദയക്കാരെ കണ്ടെത്തുക ഇന്ന് ദുഷ്കരമാണ്. മാരാരിക്കുളം ഗാന്ധിസ്മാരക ഗ്രാമസേവാകേന്ദ്രം പോലെ ഇതിന് ഒറ്റപ്പെട്ട മറുപടികൾ ഇല്ലെന്ന് പറയുന്നില്ല.

ഗാന്ധിയെയും ഗാന്ധിമാർഗത്തെയും കുറിച്ച് തലമുറകളിൽതന്നെ മോശമായ ധാരണകൾ കുത്തിനിറച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഒപ്പം ജനമനസ്സുകളിൽ ഗാന്ധിജിയെ പരിഹാസ്യനാക്കുംവിധം ഭരണവും രാഷ്ട്രീയക്കളികളും നടത്തിയ കോൺഗ്രസിനും ഗാന്ധിയെ മലയാളിക്ക് അന്യനാക്കിയതിലുള്ള ഉത്തരവാദിത്തം വിസ്മരിച്ചുകൊണ്ടല്ല ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ അവസ്ഥ വിവരിക്കുന്നത്.

കേളപ്പജിക്കുശേഷം കേരളത്തിൽ ജെ.പി. പ്രസ്ഥാനത്തിനും മദ്യവിരുദ്ധസമരങ്ങൾക്കും നേതൃത്വം നൽകിയ മന്മഥൻജിയുടെ കാലഘട്ടത്തിൽ രംഗത്തെത്തിയ പ്രൊഫ. ജി. കുമാരപിള്ള ഉൾപ്പെടെയുള്ള മുതിർന്ന തലമുറക്കാരും കുറെ യുവാക്കളുമാണ് പുതിയ കാലഘട്ടത്തിൽ ഗാന്ധിജിയുടെ പ്രസക്തി തിരിച്ചറിഞ്ഞ് കർമരംഗത്തിറങ്ങിയത്. ഛാത്രയുവസംഘർഷവാഹിനി, ഗാന്ധി യുവമണ്ഡലം, മദ്യനിരോധനസമിതി തുടങ്ങിയ ബഹുജനപ്രസ്ഥാനങ്ങളും പൂർണോദയ ബുക് ട്രസ്റ്റ് പോലുള്ള ഗാന്ധിയൻ സാഹിത്യ പ്രസിദ്ധീകരണ സംരംഭങ്ങളും ആ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്.

പുതിയ തലമുറയുടെ മുന്നിൽ വിപ്ലവകാരിയായ ഗാന്ധിജിയെ അവതരിപ്പിക്കുകയും അതുവഴി പുതിയ തലമുറയുടെ ജീവിതവീക്ഷണത്തെയും ജീവിതശൈലിയെയും സ്വാധീനിക്കാൻ കഴിയുന്ന ഒരവസ്ഥ സൃഷ്ടിക്കുകയാണ് ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ പുതിയ ദൗത്യം. ഈ ദിശയിൽ എളിയ ചില ചുവടുവയ്പുകൾ നടത്താൻ പൂർണോദയ ബുക് ട്രസ്റ്റും ഗാന്ധി പീസ് ഫൗണ്ടേഷൻ തൃശൂർ കേന്ദ്രവും കഴിഞ്ഞ കുറച്ചുനാളുകളായി ശ്രമിച്ചുവരുന്നു. നാളിതുവരെയുള്ള അനുഭവങ്ങൾ പ്രോത്സാഹജനകമാണ്. ഗാന്ധിജിക്ക് എതിരായ വിലകുറഞ്ഞതും അടിസ്ഥാനരഹിതവുമായ വിമർശനങ്ങളും ഗാന്ധിനിന്ദയും വ്യക്തമായ മറുപടികൊണ്ട് നേരിടാൻ ഇന്ന് കേരളത്തിലാളുണ്ട്. കേരളത്തിലെ ഇന്നത്തെ പരിസ്ഥിതി-പ്രതിരോധ-മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ ഗാന്ധിമാർഗത്തിൽ ശരിയായ ദിശാബോധം കണ്ടെത്താൻ ശ്രമിക്കുന്നവരാണ്. ഇതിലധികം അവകാശവാദങ്ങൾ ഉന്നയിക്കാൻ അല്പം പ്രയാസമാണ്.

മറ്റെല്ലാ പ്രസ്ഥാനങ്ങളിലുമെന്നതുപോലെ തിരിച്ചറിയാൻ കഴിയാത്തവിധം കള്ളനാണയങ്ങളുടെ ബാഹുല്യം ഗാന്ധിയൻ പ്രസ്ഥാനത്തിലുമുണ്ട്. കള്ളനാണയങ്ങളെ തിരിച്ചറിഞ്ഞ് തള്ളിക്കളയുകയാണ് ഗാന്ധിമാർഗപ്രസ്ഥാനങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് അടിയന്തിരമായി വേണ്ടത്.